**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3763** **15-07-2022 - ൽ മറുപടിയ്ക്ക്**

**ദുരിതാശ്വാസ നിധിയിൽ നിന്നുള്ള സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പിറവം മണ്ഡലത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധന സഹായത്തിന് അപേക്ഷിക്കുന്ന ഗുരുതര രോഗമുള്ളവർക്ക് നാമമാത്ര തുക നൽകുന്നതായുള്ള ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടില്ല. അപേക്ഷകൻ സമർപ്പിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ രോഗിയുടെ രോഗത്തിന്റെ തീവ്രതയും ചികിത്സയ്ക്കായി ചെലവായ തുകയും ആയതിലേക്കായി സമർപ്പിച്ചിട്ടുള്ള അനുബന്ധ രേഖകളും പരിശോധിച്ച് ആനുപാതികമായ ഒരു ആശ്വാസ ധനസഹായമാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്നത്. |
| (ബി) | എങ്കിൽ രോഗത്തിന്റെ ചികിത്സയ്ക്ക് മതിയായ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | സി.എം.ഡി.ആർ.എഫ് മാനദണ്ഡ പ്രകാരം പൂർണ്ണമായ രേഖകൾ സഹിതം സമർപ്പിക്കുന്ന അപേക്ഷകളിൽ കാലതാമസം വരുത്താതെ ധനസഹായം അനുവദിച്ചിട്ടുണ്ട്. അപേക്ഷകൾ സംബന്ധിച്ച് മണ്ഡലം തിരിച്ചുള്ള കണക്കുകൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. |
| (സി) | കഴിഞ്ഞ രണ്ട് വർഷം പിറവം മണ്ഡലത്തിൽ നിന്നും ലഭിച്ച അപേക്ഷകളിൽ ഇനിയും തുക അനുവദിക്കാനുള്ള അപേക്ഷകളുടെ എണ്ണം അറിയിക്കാമോ; വിശദമാക്കാമോ? | (സി) | സി.എം.ഡി.ആർ.എഫ് മാനദണ്ഡ പ്രകാരം പൂർണ്ണമായ രേഖകൾ സഹിതം സമർപ്പിക്കുന്ന അപേക്ഷകളിൽ കാലതാമസം വരുത്താതെ ധനസഹായം അനുവദിച്ചിട്ടുണ്ട്. അപേക്ഷകൾ സംബന്ധിച്ച് മണ്ഡലം തിരിച്ചുള്ള കണക്കുകൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ